**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. ജീവ.പി. ബാൽ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - പുനർ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഇഎ1-40311/2016/ആ.വ.ഡ തീയതി 27.12.2018
2. ഡോ. ജീവ.പി. ബാൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 10.06.2019**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. ജീവ.പി. ബാൽ -നെ, പരാമർശം (1) പ്രകാരം അച്ചടക്ക നടപടികൾക്കു വിധേയമായി **കോഴിക്കോട് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ** ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പരാമർശം (2)ലെ അപേക്ഷ പ്രകാരം ഡോ. ജീവ.പി. ബാൽ ന് പ്രസ്തുത തീയതിയിൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ലായെന്നും ആയതിനാൽ പുനർ നിയമന ഉത്തരവ് നൽകണമെന്നും അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. ജീവ.പി. ബാൽ നെ **കണ്ണൂർ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ** ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേക്ക്, അച്ചടക്ക നടപടികൾക്കു വിധേയമായി പുനർ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃ പ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. ജീവ.പി. ബാൽ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
Dr. Jeeva.P. Bal, Pudhuvazhi House, Thyani Priya, Muthuvana, Puzhaikal.P.O, Thrissur -680553

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഇ.എ4 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**
**സീനിയർ സൂപ്രണ്ട്**

**GOVERNMENT OF KERALA**